# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6573

12-07-2012-ൽ മറുപടിക്ക്

### അനധികൃത വൈദ്യുതി ഉപയോഗം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എം.പി വിൻസെൻറ്<br>ശ്രീ. അൻവർ സാദത്ത്. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) അനധികൃത വൈദ്യുതി ഉപയോഗം തടയാൻഎന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചീഫ് വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ക്വാഡുകൾക്ക് വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കുന്നതിന് സഹായകമായി ഡിജിറ്റൽ ക്യാമറ, അക്യുചെക്ക് കോമൺമീറ്റർ റീഡിംഗ് ഉപകരണം, റ്റോങ്ങ്ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ആധുനിക ഉപകരണങ്ങളും നല്കിയിട്ടുണ്ട്. ഇതു കൂടാതെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തടയുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്നതിനുള്ള മീറ്ററുകൾ സ്ഥാപിക്കുക.<br>2. മീറ്ററിന്റെ കവർ/സീലുകൾ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് മീറ്റർ സീലുകൾ ഉപയോഗിക്കുക.<br>കൂടാതെ ലാപ്ടോപ്പ്, കോമൺ മീറ്റർ റീഡിംഗ് ഉപകരണം എന്നിവ ഉപയോഗിച്ച് പ്രത്യേക സോഫ്റ്റ് വെയർ മുഖേന വൈദ്യുതി മോഷണം നടന്നിട്ടു |

ണ്ടോയെന്ന വിവരം മീറ്ററിൽ നിന്നും ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) ഇതിനായി എ. പി . റ്റി . എസ് ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പരിഗണിച്ചു വരുന്നു

(സി) ഈ സർക്കാർ അധി കാ ര മേ റ്റ ശേഷം എ.പി.റ്റി.എസ് ന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപ ടി കൾ സ്വീക രി ച്ചി ട്ടു ണ്ട് ; വി ശ ദ മാക്കാമോ?

(സി) ബോർഡിന്റെ 13 എ.പി.റ്റി.എസ്സ് യൂണിറ്റുകൾക്ക് വേണ്ടി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എച്ച്.റ്റി & എൽ.റ്റി കാലിബ്രേഷൻ ഉപകരണങ്ങൾ. പ്രൈമറി കറണ്ട് ഇൻജങ്ഷൻ കിറ്റ് തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം എ.പി.റ്റി. എസ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എ.പി.റ്റി.എസ്സ് വിഭാഗത്തിലെ എല്ലാ ഓഫീസർമാർക്കും ഹൈദരാബാദിലെ ഇന്ത്യയിലെ പ്രശസ്തമായ എൻജിനീയറിംഗ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, പോലെയുള്ള സ്ഥാപനങ്ങളിൽ വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനുള്ള നൂതന മാർഗ്ഗങ്ങളെ കുറിച്ചും അതിന്റെ നിയമവശങ്ങളെക്കുറിച്ചും അറിവു നേടുന്നതിനുള്ള പരിശീലനം നല്കി വരുന്നു. കൂടാതെ എ.പി.റ്റി.എസ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി മോഷണ വിവരങ്ങൾ അറിയിക്കുന്നതിലേയ്ക്കായി 13 എ.പി.റ്റി.എസ്സ് യൂണിറ്റുകളുടെ നമ്പറുകളും, ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയത്തിന്റെ നമ്പറും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ.